# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/ALP-P.8/ 341/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 08/04/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/ALP-P.8/ 341/2021 തീയ്യതി: 08/04/2021

## ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-02-2020 മുതൽ 23-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സന്തോഷ്.കെ.വി | ഡെപ്യൂട്ടി ഡയറക്ടർ | 24-02-2021 | 02-03-2021 |
| സാബു.സി.ജോർജ് | ഡെപ്യൂട്ടി ഡയറക്ടർ | 03-03-2021 | 04-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-02-2021 | 04-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ആശ.എം.വി,ഓഡിറ്റ് ഓഫീസർ
2. രാജേഷ്.കെ.ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. പുഷ്പരാജ്.വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4. ലേഖ.പി.കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുവർണ്ണ പ്രതാപൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| വി.ജെ.പോൾ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജയന്തി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ജഗന്നാഥൻ.ബി | കൃഷി ഓഫീസർ | 01-04-2019 | 30-09-2019 |
| ആനി മാത്യു | കൃഷി ഓഫീസർ | 01-10-2019 | 31-03-2020 |
| ദീപ.എൽ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| രതീഷ്.ആർ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 05-04-2019 | 31-03-2020 |
| ഗംഗ.സി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ദർശന.എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| അഭിലാഷ്.എം.എ | വി.ഇ.ഒ കളർകോട് (അഡീ.ചാർജ്) | 01-04-2019 | 28-11-2020 |
| അനിൽ കുമാർ.ബി | വി.ഇ.ഒ കളർകോട് | 29-11-2019 | 31-03-2020 |
| അഭിലാഷ്.എം.എ | വി.ഇ.ഒ വാടയ്ക്കൽ | 01-04-2019 | 31-03-2020 |
| നജ്ല നബീസത്ത് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 09-11-2019 |
| അഞ്ജു അരുമനായകം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10-11-2019 | 31-03-2020 |
| സുലേഖ റാണി ആർ. | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 04-04-2019 |
| ശാലിനി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 22-07-2019 |
| താഹ മുഹമ്മദ് മുസ്തഫ | അസിസ്റ്റന്റ് എഞ്ചിനീയർ | 23-07-2019 | 13-11-2019 |
| റോഹിൻ മോസസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 14-11-2019 | 26-02-2020 |
| നിതിൻ കെ.എം. | അസിസ്റ്റന്റ് | 27-02-2020 | 31-03-2020 |

| | | | |
|---|---|---|---|
| | എഞ്ചിനീയർ | | |
| സൽമാ ബീവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 01-03-2020 |
| സബിത വി.എച്ച് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 02-03-2020 | 31-03-2020 |
| അഞ്ജലി ദേവി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2019 | 16-08-2019 |
| മനോജ് | ഫിഷറീസ് ഇൻസ്പെക്ടർ | 17-08-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Asa.M.V (Audit Officer, On 05-03-2021)<br>Last Updated By: Asa.M.V (Audit Officer, On 05-03-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Pushparaj V.K (Asst. Audit Officer, On 05-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-2 |
| 3 | പ്രൊഫഷൻ ടാക്സ്-ട്രേഡേഴ്സ്- ഡിമാന്റ്/കളക്ഷൻ തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 04-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 05-03-2021) | 1-2-1 |
| 4 | റെന്റ് ഫ്രം ഓഡിറ്റോറിയംസ് & ഹാൾസ്- രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കി രേഖപ്പെടുത്തിയിട്ടില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 04-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 05-03-2021) | 1-2-2 |
| 5 | പ്രൊഫഷൻ ടാക്സ്-ട്രേഡേഴ്സ്- അഡ്വാൻസ് കളക്ഷൻ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 04-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 05-03-2021) | 1-2-3 |
| 6 | ഡി&ഒ ലൈസൻസ്-അഡ്വാൻസ് കളക്ഷൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 04-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 05-03-2021) | 1-2-4 |
| 7 | ഡെപ്പോസിറ്റ് റിസീവ്ഡ് ഫോർ ഹാള്സ് & ഓഡിറ്റോറിയം- രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Pushparaj V.K (Asst. Audit Officer, On 05-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 23-03-2021) | 1-2-5 |
| 8 | ഡെപ്പോസിറ്റ് ഫോർഫീറ്റ്- രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Pushparaj V.K (Asst. Audit Officer, On 05-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 23-03-2021) | 1-2-6 |
| 9 | പെർമിറ്റ് രജിസ്റ്റർ<br>Written By: Pushparaj V.K (Asst. Audit Officer, On 06-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 06-03-2021) | 1-2-7 |
| 10 | ആസ്തി രജിസറ്റർ<br>Written By: Pushparaj V.K (Asst. Audit Officer, On 06-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 06-03-2021) | 1-2-8 |
| 11 | ലേലം രജിസ്റ്റർ<br>Written By: Pushparaj V.K (Asst. Audit Officer, On 06-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 06-03-2021) | 1-2-9 |
| 12 | വസ്തു നികുതി-സഞ്ജയ സ്റ്റേറ്റ്മെന്റിൽ നിന്നുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 10-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 10-03-2021) | 1-2-10 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Pushparaj V.K (Asst. Audit Officer, On 05-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-3 |
| 14 | ഗ്രാന്റ് വിനിയോഗം<br>Written By: Pushparaj V.K (Asst. Audit Officer, On 05-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 28-03-2021) | 1-4 |
| 15 | വികസന ഫണ്ട്-ജനറൽ-അലോക്കേറ്റ് ചെയ്ത തുക | 1-4-1 |

| | | |
|---|---|---|
| | പൂർണമായും വിനിയോഗിച്ചില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 06-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 06-03-2021) | |
| 16 | വികസന ഫണ്ട്-എസ്.സി.പി-അലോക്കേറ്റ് ചെയ്ത തുക പൂർണമായും വിനിയോഗിച്ചില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 06-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 06-03-2021) | 1-4-2 |
| 17 | വികസന ഫണ്ട്-ടി.എസ്.പി-അലോക്കേഷൻ പൂർണമായും വിനിയോഗിച്ചില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 06-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 06-03-2021) | 1-4-3 |
| 18 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- അലോക്കേഷൻ പൂർണമായും വിനിയോഗിച്ചില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 06-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 06-03-2021) | 1-4-4 |
| 19 | മെയിന്റനൻസ് ഫണ്ട് -റോഡ്- അലോക്കേഷൻ പൂർണമായും ചെലവഴിക്കുന്നില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 06-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 06-03-2021) | 1-4-5 |
| 20 | മെയിന്റനൻസ് ഫണ്ട് -നോൺ റോഡ്- അലോക്കേഷൻ പൂർണമായും വിനിയോഗിച്ചില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 06-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 06-03-2021) | 1-4-6 |
| 21 | പദ്ധതി അവലോകനം<br>Written By: Asa.M.V (Audit Officer, On 05-03-2021)<br>Last Updated By: Asa.M.V (Audit Officer, On 08-03-2021) | 1-5 |
| 22 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajesh K.G (Asst. Audit Officer, On 24-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 1-6 |
| 23 | ക്ഷേമ പദ്ധതികൾ<br>Written By: Asa.M.V (Audit Officer, On 05-03-2021)<br>Last Updated By: Asa.M.V (Audit Officer, On 23-03-2021) | 1-7 |
| 24 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Lekha (Auditor, On 23-03-2021)<br>Last Updated By: Lekha (Auditor, On 23-03-2021) | 1-8 |
| 25 | ആഭ്യന്തര നിയന്ത്രണം<br>Written By: Asa.M.V (Audit Officer, On 06-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 23-03-2021) | 1-9 |
| 26 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Asa.M.V (Audit Officer, On 23-03-2021)<br>Last Updated By: Asa.M.V (Audit Officer, On 07-04-2021) | 1-10 |
| 27 | വാണിജ്യാവശ്യകെട്ടിടങ്ങളെ ആകെ തറവിസ്തൃതിയുടെ അടിസ്ഥാനത്തില്ലാതെ നികുതി നിർണ്ണയിച്ചു<br>Written By: Lekha (Auditor, On 09-03-2021)<br>Last Updated By: Asa.M.V (Audit Officer, On 07-04-2021) | 1-11 |
| 28 | ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല<br>Written By: Lekha (Auditor, On 04-03-2021)<br>Last Updated By: Asa.M.V (Audit Officer, On 07-04-2021) | 1-12 |
| 29 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Lekha (Auditor, On 04-03-2021)<br>Last Updated By: Lekha (Auditor, On 23-03-2021) | 1-13 |
| 30 | ഇ-ടെണ്ടർ ഫീ ഇനത്തിലെ കരാറുകാർ ഒടുക്കിയ തുക ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല<br>Written By: Rajesh K.G (Asst. Audit Officer, On 08-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 23-03-2021) | 1-14 |
| 31 | വയോജനങ്ങൾക്ക് കട്ടിൽ-60 വയസ് തികയാത്തവർക്കും | 1-15 |

| | | |
|---|---|---|
| | ആനുകൂല്യം നല്കി.<br>Written By: Pushparaj V.K (Asst. Audit Officer, On 05-03-2021)<br>Last Updated By: Asa.M.V (Audit Officer, On 07-04-2021) | |
| 32 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്- ജില്ലാ പഞ്ചായത്ത് വിഹിതം നാളിതു വരെയായും ഗുണഭോക്താക്കൾക്ക് അനുവദിച്ചു നല്കിയില്ല.<br>Written By: Pushparaj V.K (Asst. Audit Officer, On 05-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 1-16 |
| 33 | ഡെപ്പോസിറ്റ് പ്രവൃത്തി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല<br>Written By: Rajesh K.G (Asst. Audit Officer, On 05-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 1-17 |
| 34 | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ - തുകയുടെ വിനിയോഗ വിവരം, പ്രവൃത്തിയുടെ പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.<br>Written By: Asa.M.V (Audit Officer, On 06-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 1-18 |
| 35 | എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കൽ - അപാകതകൾ<br>Written By: Asa.M.V (Audit Officer, On 06-03-2021)<br>Last Updated By: Asa.M.V (Audit Officer, On 07-04-2021) | 1-19 |
| 36 | പൊതുടാപ്പുകൾ ക്രമീകരിയ്ക്കൽ -പ്രവൃത്തി പൂർത്തീകരിച്ചില്ല.<br>Written By: Asa.M.V (Audit Officer, On 06-03-2021)<br>Last Updated By: Asa.M.V (Audit Officer, On 07-04-2021) | 1-20 |
| 37 | ഗ്രാമസഭകൾ നിയമപ്രകാരം കൂടുന്നില്ല<br>Written By: Asa.M.V (Audit Officer, On 06-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 1-21 |
| 38 | നെൽ കർഷകർക്കായുള്ള ഉല്പാദന ബോണസ്- ലഭിയ്ക്കുന്നതിൽ കാലതാമസം<br>Written By: Asa.M.V (Audit Officer, On 06-03-2021)<br>Last Updated By: Asa.M.V (Audit Officer, On 23-03-2021) | 1-22 |
| 39 | എസ്.സി.വിദ്യാത്ഥികൾക്ക് പഠനമുറി പ്രവൃത്തി പൂർത്തീകരിച്ചില്ല<br>Written By: Asa.M.V (Audit Officer, On 06-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 1-23 |
| 40 | ലൈഫ് ഭവന പദ്ധതി അവലോകനം<br>Written By: Pushparaj V.K (Asst. Audit Officer, On 06-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 1-24 |
| 41 | പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Asa.M.V (Audit Officer, On 06-03-2021)<br>Last Updated By: Asa.M.V (Audit Officer, On 07-04-2021) | 1-25 |
| 42 | ഐ.കെ.എം. വിഹിതം നല്കൽ<br>Written By: Asa.M.V (Audit Officer, On 06-03-2021)<br>Last Updated By: Lekha (Auditor, On 03-04-2021) | 1-25-1 |
| 43 | ലൈഫ് മിഷൻ -ഹഡ്കോയിൽ നിന്നുള്ള വായ്പാ തിരിച്ചടവ്- വികസന ഫണ്ട് -എസ്.സി.പി-യിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്തു.<br>Written By: Pushparaj V.K (Asst. Audit Officer, On 06-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 1-26 |
| 44 | പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ - സ്റ്റോക്ക്, വിതരണ രേഖകൾ ലഭ്യമല്ല<br>Written By: Rajesh K.G (Asst. Audit Officer, On 07-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 1-27 |

| | | |
|---|---|---|
| 45 | പാലിയേറ്റീവ് കെയർ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Rajesh K.G (Asst. Audit Officer, On 07-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 1-28 |
| 46 | പാലയേറ്റീവ് പരിചരണ പദ്ധതിയ്ക്കായി കെ.എം.എസ്.സി.എൽ- ന് തുക നൽകിയെങ്കിലും സാമഗ്രികളുടെ സ്റ്റോക്ക് വിവരം ഹാജരാക്കിയില്ല.<br>Written By: Rajesh K.G (Asst. Audit Officer, On 07-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 1-28-1 |
| 47 | വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: Rajesh K.G (Asst. Audit Officer, On 08-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 1-28-2 |
| 48 | ആവശ്യകത നിർണ്ണയിക്കാതെ ഇലക്ട്രിക് വീൽചെയറിന്റെ വാങ്ങൽ<br>Written By: Rajesh K.G (Asst. Audit Officer, On 08-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 1-28-3 |
| 49 | പഞ്ചായത്ത് ആസ്തികളുടെ പരിപാലനം- റോഡ് കണക്റ്റിവിറ്റി ഭൂപടം തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ-ആസ്തി രജിസ്റ്റർ പരിപാലിക്കുന്നതിലെ വീഴ്ചകൾ<br>Written By: Rajesh K.G (Asst. Audit Officer, On 08-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 1-29 |
| 50 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ<br>Written By: Rajesh K.G (Asst. Audit Officer, On 09-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 1-30 |
| 51 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ പ്രവൃത്തികളിൽ കരാറുകാർക്ക് നിയമാനുസൃത കുറവ് വരുത്താതെ തുക അനുവദിച്ചു<br>Written By: Rajesh K.G (Asst. Audit Officer, On 09-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | വയോജനങ്ങൾക്ക് കട്ടിൽ-60 വയസ് തികയാത്തവർക്കും ആനുകൂല്യം നല്കി.<br>Written By: Pushparaj V.K (Asst. Audit Officer, On 08-04-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 08-04-2021) | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Pushparaj V.K (Asst. Audit Officer, On 05-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Pushparaj V.K (Asst. Audit Officer, On 05-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Pushparaj V.K (Asst. Audit Officer, On 05-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Pushparaj V.K (Asst. Audit Officer, On 05-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |

| | | |
|---|---|---|
| | Written By: Pushparaj V.K (Asst. Audit Officer, On 05-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Pushparaj V.K (Asst. Audit Officer, On 05-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Asa.M.V (Audit Officer, On 08-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 4-7 |
| 8 | ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Asa.M.V (Audit Officer, On 08-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Asa.M.V (Audit Officer, On 09-03-2021)<br>Last Updated By: Pushparaj V.K (Asst. Audit Officer, On 08-04-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Rajesh K.G (Asst. Audit Officer, On 08-03-2021)<br>Last Updated By: Rajesh K.G (Asst. Audit Officer, On 24-03-2021) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ്.

21.02.2019തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 05.03.2020തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.
2019-20 സാമ്പത്തിക വർഷത്തെ ബജറ്റിലെ വരവ്-ചെലവുകൾ തൻവർഷത്തെ യഥാർത്ഥ വരവ് ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 234417062 | 231803349 |
| വാർഷിക കണക്ക് പ്രകാരം | 63571522 | 73169900 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 06-05-2020 | ഇല്ല | ഇല്ല |

### 1-2-1 പ്രൊഫഷൻ ടാക്സ്-ട്രേഡേഴ്സ്- ഡിമാന്റ്/കളക്ഷൻ തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-I / റെസീപ്റ്റ് & സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-1 പ്രകാരം Profession Tax Employees എന്ന ഇനത്തിലുള്ള ഡിമാന്റ്/കളക്ഷൻ തുക 2006130/-രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം ഈയിനത്തിലുള്ള തൻവർഷത്തെ ഡിമാന്റ്/കളക്ഷൻ തുക 2004180/-രൂപയാണ്.

### 1-2-2 റെന്റ് ഫ്രം ഓഡിറ്റോറിയംസ് & ഹാൾസ്- രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കി രേഖപ്പെടുത്തിയിട്ടില്ല.

റെന്റ് ഫ്രം ഓഡിറ്റോറിയംസ് & ഹാൾസ് ഇനത്തിലുള്ള രജിസ്റ്ററിൽ ഡി.സി.ബി തയ്യാറാക്കി രേഖപ്പെടുത്തിയിട്ടില്ലാത്തിനാൽ ഈയിനത്തിലുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

### 1-2-3 പ്രൊഫഷൻ ടാക്സ്-ട്രേഡേഴ്സ്- അഡ്വാൻസ് കളക്ഷൻ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-36 (വരവ് ഭാഗം), ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9 എന്നിവ പ്രകാരം Advance Collection Of Revenues- Profession Tax Institutions/Professionals/Traders എന്ന ഇനത്തിൽ 37700/- രൂപവരവുള്ളതായി കാണുന്നു. എന്നാൽ രജിസ്റ്റർ പ്രകാരം 30700/- രൂപ മാത്രമാണ് വരവ് രേഖപ്പെടുത്തിയിരിക്കുന്നത്.

### 1-2-4 ഡി&ഒ ലൈസൻസ്-അഡ്വാൻസ് കളക്ഷൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-36 (വരവ് ഭാഗം), ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9 എന്നിവ പ്രകാരം Advance Collection Of Revenues- License Fees For Dangerous & Offensive Traders എന്നയിനത്തിൽ 47500/- രൂപ വരവുള്ളതായി കാണുന്നു. എന്നാൽ രജിസ്റ്റർ പ്രകാരം 32500/- രൂപ മാത്രമാണ് വരവ്.

### 1-2-5 ഡെപ്പോസിറ്റ് റിസീവ്ഡ് ഫോർ ഹാള്സ് & ഓഡിറ്റോറിയം- രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-34 (വരവ് ഭാഗം) പ്രകാരം Deposit Received For Halls & Auditorium (340200106) എന്ന ഇനത്തിൽ തൻവർഷം ലഭിച്ചിട്ടുള്ള നിക്ഷേപം 76000/- രൂപയെന്ന് കാണുന്നു. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഈയിനത്തിൽ തൻവർഷം ലഭിച്ച തുക 72000/- രൂപ മാത്രമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.
രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-34 (ചെലവ് ഭാഗം) പ്രകാരം Deposits Received For Halls & Auditoriums എന്ന ഇനത്തിൽ തൻവർഷം തിരികെ നല്കിയിരിക്കുന്ന തുക 198150/- രൂപയെന്ന് കാണുന്നു. എന്നാൽ ഡെപ്പോസിറ്റ്

രജിസ്റ്റർ പ്രകാരം ഈയിനത്തിൽ തൻവർഷം തിരികെ നല്കിയിരിക്കുന്ന തുക 210500/- രൂപയാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

## 1-2-6 ഡെപ്പോസിറ്റ് ഫോർഫീറ്റ്- രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

ഇൻകം & എക്സ്പൻറിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-9 പ്രകാരം Deposit Forfeited-Other Deposits എന്നയിനത്തിൽ 41500/- രൂപ തൻവർഷം ഫോർഫീറ്റ് ചെയ്തതായി കാണുന്നു. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഈയിനത്തിൽ തൻവർഷം ഫോർഫീറ്റ് ചെയ്ത തുക 14500/- രൂപയാണെന്ന് കാണുന്നു.

## 1-2-7 പെർമിറ്റ് രജിസ്റ്റർ

പെർമിറ്റ് സംബന്ധിച്ച രജിസ്റ്ററിൽ ഡി.സി.ബി എഴുതി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

## 1-2-8 ആസ്തി രജിസ്റ്റർ

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

## 1-2-9 ലേലം രജിസ്റ്റർ

ലേലം സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവയുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായില്ല.

## 1-2-10 വസ്തു നികുതി-സഞ്ചയ സ്റ്റേറ്റ്മെന്റിൽ നിന്നുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 30847164 |
| വരവ് | 63571522 |
| ആകെ | 94418686 |
| ചെലവ് | 73169900 |
| നീക്കിയിരിപ്പ് | 21248786 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | 44069 |
| ഓഡിറ്റില് തടസ്സപ്പെടുത്തിയ തുക | 4673877 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 21246641 | 21246641 | 12712117 | 8534524 | നീക്കിയിരിപ്പിൽ ക്യൂ ബിൽ ആയ 703524/- രൂപ ഒഴികെ ബാക്കി തുക ലാപ്സായി |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 3295471 | 3295471 | 1201247 | 2094224 | നീക്കിയിരിപ്പിൽ ക്യൂ ബിൽ ആയ 290000/- രൂപ ഒഴികെ ബാക്കി തുക ലാപ്സായി |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 160000 | 160000 | 70000 | 90000 | നീക്കിയിരിപ്പ് തുക ലാപ്സായി |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 6098000 | 6098000 | 2027869 | 4070131 | നീക്കിയിരിപ്പിൽ ക്യൂ ബിൽ ആയ 2384148/- രൂപ ഒഴികെ ബാക്കി തുക ലാപ്സായി |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4444000 | 4444000 | 2228973 | 2215027 | നീക്കിയിരിപ്പിൽ ക്യൂ ബിൽ ആയ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 985192/- രൂപ ഒഴികെ ബാക്കി തുക ലാപ്സായി |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC Untied) | | 11554848 | 11554848 | 5889640 | 5665208 | നീക്കിയിരിപ്പിൽ ക്യൂ ബിൽ ആയ 2499926/- രൂപ ഒഴികെ ബാക്കി തുക ലാപ്സായി |
| എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികളുടെ കൂലി | | 55981000 | 55981000 | 55981000 | | |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 10835 | 2503573 | 2514408 | 2511332 | 3076 | നീക്കിയിരിപ്പ് |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ICDS | 615117 | 813683 | 1428800 | 700000 | 728800 | നീക്കിയിരിപ്പ് |
| സാനിറ്റേഷൻ | 1269749 | 36362 | 1306111 | 729102 | 577099 | നീക്കിയിരിപ്പ് |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ -വിമുക്തി | 25000 | | 25000 | 19263 | 5737 | നീക്കിയിരിപ്പ് |
| | | | | | | |
| | | | | | | |

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത ശിശു വികസന പദ്ധതിയിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 11722000 | 11722000 | 1994812 | 9727188 |
| വാർഷിക കണക്ക് പ്രകാരം | 615117 | 813683 | 1428800 | 700000 | 728800 |

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം സാനിറ്റേഷൻ മിഷൻഇനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 1329625 | 1329625 | 1426809 | (-)97184 |
| വാർഷിക കണക്ക് പ്രകാരം | 1269749 | 36362 | 1306111 | 729102 | 577099 |

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറലിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് വിവിധയിനങ്ങൾക്ക് ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് കഴിച്ചുള്ള തുകയാണ്. എന്നാൽ ചലവ് രേഖപ്പെടുത്തിയിരിക്കുന്നത് ഈ തുക കൂടി ഉൾപ്പെട്ട തുകയാണ്. തന്മൂലം നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന തുക 6836165/- രൂപ, യഥാർത്ഥ നീക്കിയിരിപ്പ് 8534524/- രൂപ.

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് എസ്.സി.പി വരവായി രേഖപ്പെടുത്തിയിരിക്കുന്നത് ലൈഫ് ഭവന പദ്ധതി ലോൺ റീപേയ്മെന്റ് ഇനത്തിൽ ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് കഴിച്ചുള്ള തുകയാണ്. എന്നാൽ ചലവ് രേഖപ്പെടുത്തിയിരിക്കുന്നത് ഈ തുക കൂടി ഉൾപ്പെട്ട തുകയാണ്. തന്മൂലം നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന തുക 2020695/- രൂപ, യഥാർത്ഥ നീക്കിയിരിപ്പ് 2094224/- രൂപ.

## 1-4-1 വികസന ഫണ്ട്-ജനറൽ-അലോക്കേറ്റ് ചെയ്ത തുക പൂർണമായും വിനിയോഗിച്ചില്ല.

വികസന ഫണ്ട് -ജനറൽ വിഭാഗത്തിൽ തൻവർഷം ആകെ 21246641/- രൂപ പഞ്ചായത്തിന് അലോക്കേറ്റ് ചെയ്തിരുന്നു. ഇതിൽ ക്യൂ ബിൽ ഉൾപ്പെടെ ആകെ 13415641/- രൂപ മാത്രമാണ് വിനിയോഗിക്കാനായത്. അലോക്കേറ്റ് ചെയ്ത തുകയിൽ 7831000/- രൂപ ലാപ്സായി പോയി.

## 1-4-2 വികസന ഫണ്ട്-എസ്.സി.പി-അലോക്കേറ്റ് ചെയ്ത തുക പൂർണമായും വിനിയോഗിച്ചില്ല.

വികസന ഫണ്ട് -എസ്.സി.പി വിഭാഗത്തിൽ തൻവർഷം ആകെ 3295471/- രൂപ പഞ്ചായത്തിന് അലോക്കേറ്റ് ചെയ്തിരുന്നു. ഇതിൽ ക്യൂ ബിൽ ഉൾപ്പെടെ ആകെ 1491247/- രൂപ മാത്രമാണ് വിനിയോഗിക്കാനായത്. അലോക്കേറ്റ് ചെയ്തതിൽ 54.74% തുകയും (1804224/- രൂപ) ലാപ്സായി പോയി.

## 1-4-3 വികസന ഫണ്ട്-ടി.എസ്.പി-അലോക്കേഷൻ പൂർണമായും വിനിയോഗിച്ചില്ല.

വികസന ഫണ്ട് -ടി.എസ്.പി വിഭാഗത്തിൽ തൻവർഷം ആകെ 160000/- രൂപ പഞ്ചായത്തിന് അലോക്കേറ്റ്

ചെയ്തിരുന്നു. ഇതിൽ ക്യൂ ബിൽ ഉൾപ്പെടെ ആകെ 70000/- രൂപ മാത്രമാണ് വിനിയോഗിക്കാനായത്. അലോക്കേറ്റ് ചെയ്തതിൽ 56.25% തുകയും (90000/- രൂപ) ലാപ്സായി പോയി.

### 1-4-4 ധനകാര്യ കമ്മീഷൻ ഗ്രാന്റ്- അലോക്കേഷൻ പൂർണമായും വിനിയോഗിച്ചില്ല.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഭാഗത്തിൽ തൻവർഷം ആകെ 11554848/- രൂപ പഞ്ചായത്തിന് അലോക്കേറ്റ് ചെയ്തിരുന്നു. ഇതിൽ ക്യൂ ബിൽ ഉൾപ്പെടെ ആകെ 8389566/- രൂപ മാത്രമാണ് വിനിയോഗിക്കാനായത്. അലോക്കേറ്റ് ചെയ്തതിൽ 3165282/- രൂപ ലാപ്സായി പോയി.

### 1-4-5 മെയിന്റനൻസ് ഫണ്ട് -റോഡ്- അലോക്കേഷൻ പൂർണമായും ചെലവഴിക്കുന്നില്ല.

മെയിന്റനൻസ് ഫണ്ട് -റോഡ് വിഭാഗത്തിൽ തൻവർഷം ആകെ 6098000/- രൂപ പഞ്ചായത്തിന് അലോക്കേറ്റ് ചെയ്തിരുന്നു. ഇതിൽ ക്യൂ ബിൽ ഉൾപ്പെടെ ആകെ 4412017/- രൂപ മാത്രമാണ് വിനിയോഗിക്കാനായത്. അലോക്കേറ്റ് ചെയ്തതിൽ 1685983/- രൂപ ലാപ്സായി പോയി.

### 1-4-6 മെയിന്റനൻസ് ഫണ്ട് -നോൺ റോഡ്- അലോക്കേഷൻ പൂർണമായും വിനിയോഗിച്ചില്ല.

മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് വിഭാഗത്തിൽ തൻവർഷം ആകെ 4444000/- രൂപ പഞ്ചായത്തിന് അലോക്കേറ്റ് ചെയ്തിരുന്നു. ഇതിൽ ക്യൂ ബിൽ ഉൾപ്പെടെ ആകെ 3214165/- രൂപ മാത്രമാണ് വിനിയോഗിക്കാനായത്. അലോക്കേറ്റ് ചെയ്തതിൽ 1229835/- രൂപ ലാപ്സായി പോയി.

## 1-5 പദ്ധതി അവലോകനം

പദ്ധതി രൂപീകരണം,നിർവ്വഹണം

19-20 വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ നാലു പ്രാവശ്യമാണ് കൂടിയിട്ടുള്ളത്.വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തി പ്രസ്തുത റിപ്പോർട്ട് പ്രോജക്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പദ്ധതി ആസൂത്രണം, രൂപീകരണം, നിർവ്വഹണം,എന്നിവയുമായി ബന്ധപ്പെട്ട ആസൂത്രണ സമിതി തൻവർഷം രണ്ട് തവണ മാത്രമെ കൂടിയിട്ടുള്ളൂ.

സ്പിൽ ഓവർ പ്രോജക്ടായി തുക വകയിരുത്തിയ തുമ്പൂർമൊഴി എയറോബിക് കമ്പോസ്റ്റ് യൂണിറ്റ്,വർക്ക് ഷെഡ് വയറിംഗും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും തുടങ്ങിയ പദ്ധതികൾ തൻവർഷവും നടപ്പിലാക്കുവാൻ സാധിച്ചില്ല.

സംയുക്ത പ്രോജക്ടുകൾ നടപ്പിലാക്കിയപ്പോൾ സ്ഥാപനങ്ങൾ തമ്മിൽ കരാറിൽ ഏർപ്പെട്ടില്ല.(ഉദാ-സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ, ഗ്രാമപഞ്ചായത്തും, ജില്ലാപഞ്ചായത്തും)

ഗ്രാമസഭ ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാ ക്രമം പാലിയ്ക്കുന്നത് എല്ലാ പ്രോജക്ടിന്റെ നിർവ്വഹണത്തിലും നടപ്പിലാക്കാൻ സാധിച്ചില്ല.(ഉദാ-എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി-നിർവ്വഹണം-അസി.സെക്രട്ടറി)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 126 | 112449735 | 69 | 41489728 | 7 | 50 | 54.76 |
| | | | | | | |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10835 | 2503573 | 2514408 | 2511332 | 3076 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 55981000 | 55981000 | 55981000 | 0 |
| **ആകെ** | 10835 | 58484573 | 58495408 | 58492332 | 3076 |

ഗ്രാമ പഞ്ചായത്തിൽ തൊഴിൽ കാർഡുള്ള ആകെ 4042 കുടുംബങ്ങളിൽ 2247 കുടുംബങ്ങളാണ് 2019-20-ൽ തൊഴിൽ ആവശ്യപ്പെട്ടിരുന്നത്. തൻവർഷം ഒരു കുടുബത്തിന് ലഭ്യമായത് ശരാശരി 70.4 തൊഴിൽ ദിനങ്ങൾ മാത്രമാണ്. കേവലം 395 കുടുംബങ്ങൾക്ക് മാത്രമാണ് തൊഴിലുറപ്പ് പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം 100 തൊഴിൽ ദിനങ്ങൾ ലഭ്യമായത്.രജിസ്റ്റർ ചെയ്ത എല്ലാവർക്കും പ്രഖ്യാപിത ലക്ഷ്യമായ 100 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിൽ സ്വീകരിയ്ക്കുന്ന വിവിധ സാമൂഹ്യ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിച്ച് തീർപ്പ് കല്പിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ട്.

ഉദാ-കർഷകതൊഴിലാളി പെൻഷൻ ,വിധവ പെൻഷൻ അപേക്ഷയിൻമേൽ 45 ദിവസത്തിനുള്ളിൽ തീർപ്പ് കല്പിക്കേണ്ടതാണ് . 20.02.20 ൽ ലഭിച്ച അപേക്ഷയിൻമേൽ നടപടി സ്വീകരിച്ചത് 21.05.20 ൽ ആണ്.വിധവ പെൻഷനായി ശ്രീമതി.തങ്കമണി .ടി.12.12.19 ൽ സമർപ്പിച്ച അപേക്ഷ 21.04.20ൽ ആണ് തീർപ്പാക്കിയത്.ക്ഷേമ പെൻഷൻ അപേക്ഷകളിൻമേൽ സമയപരിധിയ്ക്കുള്ളിൽ തീർപ്പു കല്പിക്കുവാൻ ശ്രദ്ധക്കേണ്ടതാണ്.ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 177240 | 66 |
| കർഷകതൊഴിലാളി പെൻഷൻ | 3876000 | 2020 |
| വിധവാപെൻഷൻ | 4574400 | 2278 |
| വാർദ്ധക്യകാലപെൻഷൻ | 7994400 | 4197 |
| വികലാംഗപെൻഷൻ | 2130300 | 1071 |
| അവിവാഹിത പെൻഷൻ | 637200 | 311 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-2-2021 3 Pm ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി . പരിശോധനയിൽ 1,77,551/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണം പൊതുവിൽ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരമുള്ള ജോലിവിഭജനം പാലിയ്ക്കുന്നുണ്ട്.

രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ പരിപാലിയ്ക്കുന്നുണ്ടെങ്കിലും , തെരുവു വിളക്കുകളുടെ വിവരം,വെള്ളക്കരം അടയ്ക്കുന്ന ടാപ്പുകളുടെ വിവരം,അവയുടെ സംയുക്ത പരിശോധനാ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

ഫ്രണ്ട് ഓഫീസിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

നികുതി,ഫീസ് ഈടാക്കൽ നടപടിക്രമങ്ങൾ പൊതുവെ തൃപ്തികരമാണെങ്കിലും ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററുകളിൽ ഡി.സി.ബി.തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ക്ഷേമ പെൻഷൻ അപേക്ഷകൾ യഥാസമയം തീർപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റ് വിഭാഗം 10/2019 കാലയളവിലെ ഓഡിറ്റ് 22/11/2019-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് 3/12/2019ൽ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. ലഭിച്ച റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്. അക്കൌണ്ടന്റ് ജനറലിന്റെയും പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെയും മുൻകാല റിപ്പോർട്ടുകളിൽ തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളിൽ തീർപ്പാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 വാണിജ്യാവശ്യകെട്ടിടങ്ങളെ ആകെ തറവിസ്തൃതിയുടെ അടിസ്ഥാനത്തില്ലാതെ നികുതി നിർണ്ണയിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും )ചട്ടങ്ങളിലെ ചട്ടം 17, തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011 തസ്വഭവ എന്നിവ പ്രകാരം പഞ്ചായത്ത് 100 ച.മീറ്റർ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾക്ക് 50/-രൂപയും 100 ച.മീറ്ററിന് മുകളിലുള്ളവയ്ക്ക് 70/- രൂപയും,200 ച.മീറ്ററിന് മുകളിലുള്ളവയ്ക്ക് 90/- രൂപയുമായി അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളെ അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിലല്ലാതെ വിവിധ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി ഈടാക്കിയിരിക്കുന്നത്.

| ക്രമ നം | കെട്ടിടഉടമയുടെ പേര് | വാർഡ്/ കെട്ടിട നമ്പർ | തറ വിസ്തീർണ്ണം$m^2$ | ആകെ തറ വിസ്തീർണ്ണം$m^2$ | നിശ്ചയിച്ച നികുതി നിരക്ക് | നിശ്ചയിക്കേണ്ട നികുതി നിരക്ക് |
|---|---|---|---|---|---|---|
| 1 | 1/ബേബി ജോസഫ് ,നടുവിലപ്പറമ്പ് | 1/31A | 15.5 | 110.64 | @ 50 | @ 70 |
| | | 1/31B | 15.5 | | | |
| | | 1/31C | 15.5 | | | |

| | | | | | | |
|---|---|---|---|---|---|---|
| | | 1/31D | 15.81 | | | |
| | | 1/31E | 16.38 | | | |
| | | 1/31F | 16.14 | | | |
| | | 1/31G | 15.81 | | | |
| 2 | രജി,നാല്പതൈക്കൽ | 10/255 A | 57.5 | 115 | @50 | @ 70 |
| | | 10/255 C | 57.5 | | | |
| 3 | വിശ്വനാഥൻ .കെ. നായർ,വാടയ്ക്കൽ | 15/205 A | 98.8 | 200.6 | @70 | @ 90 |
| | | | 111.8 | | | |
| 4 | അനിത ജോയ്സ് തോമസ് ,പുളിയിലേത്ത് | 15/336 A | 77.76 | 155.52 | @50 | @70 |
| | | 15/336 B | 77.76 | | | |
| 5 | അനിത.വി.എൽ,അഞ്ജലി ,പുന്നപ്ര | 7/67 A | 26 | 120 | @50 | @ 70 |
| | | 7/67 B | 26 | | | |
| | | 7/67 C | 34 | | | |
| | | 7/67 D | 34 | | | |
| 6 | സോമസുന്ദരം പുത്തൻപറമ്പിൽ | 7/47 A | 19.28 | 360.68 | @50 | @90 |
| | | 7/47 B | 19.28 | | | |
| | | 7/47 C | 19.28 | | | |
| | | 7/47 D | 19.28 | | | |
| | | 7/47 E | 19.28 | | | |
| | | 7/47 F | 19.28 | | | |
| | | 7/47 G | 19.28 | | | |
| | | 7/47 H | 19.28 | | | |
| | | 7/47 I | 19.28 | | | |
| | | 7/47 J | 19.28 | | | |
| | | 7/47 K | 19.28 | | | |
| | | 7/47 L | 19.28 | | | |
| | | 7/47 M | 19.28 | | | |
| | | 7/47 P | 42.68 | | | |
| | | 7/47 Q | 42.68 | | | |
| | | 7/47 R | 24.38 | | | |
| 7 | രാമചന്ദ്രൻ പിള്ള ,പുതുശ്ശേരിയിൽ | 15/69 A | 58 | 132 | @50 | @ 70 |
| | | 15/69 B | 74 | | | |

നികുതി പുനർ നിർണ്ണയം നടത്തുന്നതുവഴി തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.ആയതിനാൽ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-12 ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്തിരാജ് നിയമം ,1996ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങൾ 232,232(1),233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല.പഞ്ചായത്തിന്റെ അനുമതിയില്ലാതെ ഫാക്ടറിയോ വർക്ക് ഷോപ്പോ പ്രവൃത്തിസ്ഥലമോ നിർമ്മിക്കുകയോ യന്ത്രങ്ങൾ സ്ഥാപിക്കുകയോ ചെയ്യാൻ പാടില്ല.പഞ്ചായത്തിന്റെ സഞ്ചയ ബിൽഡിംഗ് ഡീറ്റെയിൽസ് പ്രകാരംവാണിജ്യ/വ്യവസായാവശ്യങ്ങൾക്കായി താഴെ കൊടുത്തിരിക്കുന്നപ്രകാരം കെട്ടിടങ്ങൾ ഉണ്ട് .

| ക്രമ നം | കെട്ടിടങ്ങളുടെ ഉപയോഗക്രമം | എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെയുള്ള കെട്ടിടങ്ങൾ | 888 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100ച.മീ മുകളിലുള്ള കെട്ടിടങ്ങൾ | 22 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെയുള്ള കെട്ടിടങ്ങൾ | 5 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിലുള്ള കെട്ടിടങ്ങൾ | 9 |
| 5 | ഇതരവ്യവസായം | 66 |
| 6 | വ്യവസായാവശ്യത്തിനുള്ള കൈത്തറി ഷെഡ് /കയർപിരി ഷെഡ് | 32 |
| 7 | ആശുപത്രികൾ | 11 |
| ആകെ | | 1033 |

ഇത്രയുമധികം വാണിജ്യ ,വ്യവസായ കെട്ടിടങ്ങൾ ഉണ്ടായിട്ടും 2019-20 വർഷത്തിൽ 317 സ്ഥാപനങ്ങൾ മാത്രമേ പഞ്ചായത്തിന്റെ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നുള്ളു. എന്നാൽ 2019-20 ലെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 208 സ്ഥാപനങ്ങളുടെ വിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.ഇതിൽ നിന്നു തന്നെ ലിസ്റ്റ് അപൂർണ്ണമാണെന്ന് കാണുന്നു. നിലവിൽപ്രവർത്തിച്ചു കൊണ്ടിരിക്കുന്ന എല്ലാ വാണിജ്യ വ്യവസായസ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ്തലത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതുമൂലം ലൈസൻസ് എടുക്കാതെയും തൊഴിൽ നികുതി,സ്ഥാപന നികുതി എന്നിവ ഒടുക്കാതെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താൻകഴിയാതെ പോകുന്നു .ഇത് വലിയരീതിയിൽ തനതു വരുമാനം നഷ്ടപ്പെടുന്നതിനിടയാക്കും .ആയതിനാൽ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി ഈ വിഷയത്തിലേക്ക് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-13 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിലെ റേഷൻകടകൾ പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കുന്നതായോ തൊഴിൽ നികുതി അടവാക്കുന്നതായോ കാണുന്നില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ റേഷൻ വ്യാപാരികളെയും (പട്ടിക I-ക്രമ നം. 149) ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, 22.01.2019-ലെ (സി.എസ്) എ.9-764/2019 -ാം നം.കത്ത് പ്രകാരവും റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ റേഷൻകടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനും ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 ഇ-ടെണ്ടർ ഫീ ഇനത്തിലെ കരാറുകാർ ഒടുക്കിയ തുക ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2019-20 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്, റീ-ടെണ്ടറിംഗ് എന്നിവ ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് ഗ്രാമ പഞ്ചായത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ 1,62,144/-രൂപ എൽ.എസ്.ജി.ഡി. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്.എന്നാൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക നാളിതുവരെയായിട്ടും പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 വയോജനങ്ങൾക്ക് കട്ടിൽ-60 വയസ് തികയാത്തവർക്കും ആനുകൂല്യം നല്കി.

നിർവ്വഹണം:ഐ.സി.ഡി.എസ് സൂപ്പർവൈസർ
തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പിന്റെ 14.02.2018-ലെ സ.ഉ(കൈ)നം. 22/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് ഖണ്ഡിക 7.1.13.(2) പ്രകാരം 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്ക് ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള വലിപ്പത്തിലുള്ള കട്ടിൽ വാങ്ങി നല്കാം എന്നു പറഞ്ഞിരിക്കുന്നു. പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം വയോജനങ്ങൾക്ക് കട്ടിൽ നല്കുന്നതിനായി ഏറ്റെടുത്ത പ്രോജക്റ്റിൽ 60 വയസ് തികയാത്തവർക്കും ആനുകൂല്യം നല്കിയതായി കാണുന്നു.

1. പ്രോജക്ട് നം.3
പ്രോജക്ടിന്റെ പേര്: വയോജനങ്ങൾക്ക് കട്ടിൽ
അടങ്കൽ:വികസന ഫണ്ട്- 513214
ചെലവ്:513182/-
(1.ട്രഷറി ബിൽ നം.34 കാഷ് ചെയ്ത തീയതി.28.12.2019-513182/- രൂപ)

ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താവിന് അപേക്ഷ സ്വീകരിക്കുന്ന സമയത്തും ആനുകൂല്യം കൈപ്പറ്റുന്ന സമയത്തും 60 വയസ് കഴിഞ്ഞിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | 2017-ലെ റേഷൻ കാർഡ് പ്രകാരം പ്രായം | റിമാർക്സ് |
|---|---|---|---|
| 1. | വിജി,പതിനെട്ടിൽചിറ | 48 | (ഈ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള മുതിർന്ന അംഗമായ വിജിയുടെ ഭർത്താവിന്റെ പ്രായം-53 വയസ്സ്) |

സർക്കാർ നിർദേശത്തിന് വിരുദ്ധമായി അർഹതയില്ലാത്തവർക്ക് ആനുകൂല്യം നല്കാനിടയായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം.1 തീ.03.03.2021)മറുപടി ലഭ്യമാക്കിയില്ല. ഈ പദ്ധതി പ്രകാരം 2019-20 വർഷം 4349/- രൂപ നിരക്കിൽ 118 കട്ടിലുകളാണ് വാങ്ങിയിരിക്കുന്നത്. അർഹതയില്ലാത്ത ഗുണഭോക്താവിന് വിതരണം ചെയ്ത ഒരു കട്ടിലിന്റെ വില(4349/-രൂപ) നിർവഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-16 ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്- ജില്ലാ പഞ്ചായത്ത് വിഹിതം നാളിതു വരെയായും ഗുണഭോക്താക്കൾക്ക് അനുവദിച്ച് നല്കിയില്ല.

1. പ്രോജക്ട് നം.2/20
പ്രോജക്ടിന്റെ പേര്: ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്
അടങ്കൽ:വികസന ഫണ്ട്- 900000
ബ്ലോക്ക് വിഹിതം- 450000
ജില്ലാ പഞ്ചായത്ത് വിഹിതം- 450000
ആകെ- 1800000
ചെലവ്:1350000/-
(1.ട്രഷറി ബിൽ നം.35 കാഷ് ചെയ്ത തീയതി.20.11.2019-900000/- രൂപ)
ബ്ലോക്ക് വിഹിതം- ബിൽ റെഫറൻസ് നം.19060152015401457470 തീ.11.03.2020)
ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് നല്കുന്നതിനായാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചത്. പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് വിദ്യാർത്ഥികൾക്ക് 10 മാസത്തെ സ്കോളർഷിപ്പ് അനുവദിച്ച് നല്കി. ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിഹിതം ലഭ്യമാക്കാത്തിനാൽ 2 മാസത്തെ സ്കോളർഷിപ്പ് കുടിശ്ശികയായി അവശേഷിക്കുന്നു. നാളിതുവരെയായും ഈ തുക അനുവദിച്ച് നല്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റന്വഷണത്തിന് (നം.2 തീ.03.03.2021)മറുപടി ലഭ്യമാക്കിയില്ല. കാരണം വിശദീകരിക്കേണ്ടതാണ്.

## 1-17 ഡെപ്പോസിറ്റ് പ്രവൃത്തി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിൽ 2019-20 വാർഷിക പദ്ധതിയിൽ 111/20-ാം നമ്പർ പ്രോജക്ടായി "പഞ്ചായത്ത് ഓഫീസ് അനുബന്ധ കെട്ടിടം വയറിംഗ്" എന്ന പ്രവൃത്തിയ്ക്കായി 174000/- രൂപയും പ്രോജക്ട് നമ്പർ 72/20 ആയി " ബഡ്സ് സ്കൂൾ വയറിംഗ്" എന്ന പ്രവൃത്തിയ്ക്കായി 93000/- രൂപയും തനത് ഫണ്ടിൽ നിന്നും വകയിരുത്തി 03.01.2020 -ലെ ചെലാൻ നം. KL012690646201920m പ്രകാരം അസി.എക്സിക്യൂട്ടിവ് എഞ്ചിനിയർ, പി.ഡബ്ല്യൂ. യു ഇലക്ട്രിക്കൽ വിഭാഗം, ആലപ്പുഴ പേർക്ക് ഡെപ്പോസിറ്റ് പ്രവൃത്തിയ്ക്കായി മുൻകൂർ നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യ പത്രം എന്നിവ ലഭ്യമല്ല. വിനിയോഗ രേഖകളുടെ അടിസ്ഥാനത്തിൽ മേൽ പ്രോജക്ടുകൾ മുഖേന ചെലവഴിച്ച 267000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ - തുകയുടെ വിനിയോഗ വിവരം, പ്രവൃത്തിയുടെ പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നം. | | S0052/20 |
| നിർവ്വഹണം | : | സെക്രട്ടറി |
| ബിൽ വിവരം | : | 20/21.01.2020-500000/-<br>21/21.01.2020 -499898/- |

സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിയ്ക്കായി 999898/- രൂപ അസി.എഞ്ചിനീയർ, കെ. എസ്. ഇ. ബി. ഇലക്ട്രിക്കൽ സെക്ഷൻ , പുന്നപ്രയിൽ തൻവർഷം ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണ രേഖകളോ തുകയുടെ വിനിയോഗ വിവരമോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ടി വിഷയം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.6/4.03.21) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക 999898/- രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തിയുടെ പൂർത്തീകരണ രേഖകൾ / തുകയുടെ വിനിയോഗ വിവരങ്ങൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കൽ - അപാകതകൾ

ഗ്രാമപഞ്ചായത്തിൽ തൻവർഷം സെക്രട്ടറി നടപ്പാക്കിയ എൽ.ഇ.ഡി ഗ്രാമം(സ്പിൽ ഓവർ), ഹൈവേയിലും ജംഗ്ഷനിലും പവ്വർഫുൾ എൽ.ഇ.ഡി (സ്പിൽ ഓവർ) എന്നീ പദ്ധതികൾക്കായി 390 ( 24W) എൽ.ഇ.ഡി ലൈറ്റുകൾ യുണൈറ്റഡ് ഇലക്ട്രിക് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനായി (678725+297500) രൂ. ചെലവഴിച്ചിട്ടുണ്ട്. കൂടാതെ എൽ.ഇ.ഡി ഗ്രാമം ,തൻവർഷ പ്രോജക്ടിനായി 306004രൂ. ചെലവഴിച്ച് 113എൽ.ഇ.ഡി( 24W)യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്.

മേൽ പദ്ധതിയ്ക്കായി വാങ്ങിയിട്ടുള്ള LED ലൈറ്റുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ഇൻസ്റ്റലേഷൻ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.തെരുവു വിളക്കുകളുടെ അറ്റകുറ്റപണികൾക്കായി കരാർ നല്കിയിട്ടുണ്ടെങ്കിലും, വാങ്ങിയ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമല്ല. പ്രവൃത്തികളുടെ ഇൻസ്റ്റലേഷൻ, പൂർത്തീകരണ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ചെലവുതുക 1282229 രൂ. ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(5/4.3.20) മറുപടി നല്കിയിട്ടില്ല.

ചെലവുവിവരം

ബിൽ നം.5/19-20 തിയതി-21/06/19, 678725രൂ.

ബിൽ നം./19-20 തിയതി-21/06/19, 297500രൂ.

ബിൽ നം-19/19-20 തിയതി-21/1/20 ,306004രൂ.

## 1-20 പൊതുടാപ്പുകൾ ക്രമീകരിയ്ക്കൽ -പ്രവൃത്തി പൂർത്തീകരിച്ചില്ല.

നിർവ്വഹണം-സെക്രട്ടറി

പ്രോജക്ട് നം. So 117/20

പൊതുടാപ്പുകൾ ക്രമീകരിയ്ക്കൽ എന്ന പ്രോജക്ട് പ്രകാരം ,ഗ്രാമപഞ്ചായത്തിലെ 9 വാർഡുകളിൽ നടത്തിയ ജോയിന്റ് വേരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ഉപയോഗശൂന്യമായി കണ്ടെത്തിയ 136 പൊതുടാപ്പുകൾ റദ്ദാക്കുന്നതിനായി 155000 രൂ. വാട്ടർ അതോറിട്ടിയിൽ (പി.എച്ച് ഡിവിഷൻ, ആലപ്പുഴ) അടച്ചിട്ടുണ്ട്.ടാപ്പുകളുടെ എണ്ണം ഉൾപ്പെടുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റ്, പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം ,പ്രവർത്തി പൂർത്തീകരണ വിവരം , തുകയുടെ വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയില്ല.(ഓഡിറ്റ് എൻക്വയറി നം7/4.3.21).മേൽ രേഖകളുടെ അഭാവത്തിൽ ചെലവു തുക 155000 രൂ. ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വാട്ടർചാർജ് കുടിശ്ശിക ഇനത്തിൽ തൻവർഷം 301300 രൂപ സോഴ്സ് ഡിഡക്ഷൻ ഇനത്തിൽ കുറവുചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ 4/20(31/3/2020) ലെ ഡിമാൻഡ് പ്രകാരം 5579541 /- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. 667 ടാപ്പുകളുടെ വെള്ളക്കരമാണ് നിലവിൽ അടയ്ക്കുന്നത്. എന്നാൽ നിലവിൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനാവശ്യമായ സംയുക്തപരിശോധന 9 വാർഡുകളിൽ നടത്തിയതായി പൊതുടാപ്പുകൾ ക്രമീകരിയ്ക്കൽ എന്ന പ്രോജക്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ പരിശോധന റിപ്പോർട്ട് , പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം , വെള്ളക്കരം അടയ്ക്കുന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.സംയുക്ത പരിശോധന നടത്താൻ അവശേഷിക്കുന്ന വാർഡുകളിൽക്കൂടെ സംയുക്ത പരിശോധന നടത്തി ഉപയോഗ ശൂന്യമായവ ഒഴിവാക്കുന്നതിനും ഉപയോഗപ്രദ മായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി ,അതിനനുസൃതമായി വാട്ടർ ചാർജ്ജ് ഡിമാന്റ് തുകയിൽ കുറവുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ബിൽ നം.37/19-20 , 30245/-തിയതി-30.3.20

വൗച്ചർ നം.21901230 തീ.27.03.2020 ,124755രൂ.(തനതു ഫണ്ട്)

## 1-21 ഗ്രാമസഭകൾ നിയമപ്രകാരം കൂടുന്നില്ല

1994 - ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ് . 2019-20 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ 17വാർഡുകളിലും മൂന്ന് തവണ മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത് . ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ , എം. ജി . എൻ . ആർ. ഇ. ജി . എസ് , പദ്ധതി ഭേദഗതി , പ്ളാസ്റ്റിക് ശേഖരണം യൂസർ ഫീ ഈടാക്കുന്നത് തുടങ്ങിയ നടപടി ക്രമങ്ങൾക്കായാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്.

ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ കൂടേണ്ടതും ജനപങ്കാളിത്തം ഉറപ്പുവരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-22 നെൽ കർഷകർക്കായുള്ള ഉല്പാദന ബോണസ്-ലഭിയ്ക്കുന്നതിൽ കാലതാമസം

ചെലവു തുക-660720 (ബിൽ നം.23/25.02.2020)

നെൽ കർഷകർക്കായുള്ള 2015-16 കാലയളവിലെ ഉല്പാദന ബോണസ് തുകയായി തൻവർഷം ലഭിച്ച 660720രൂ. ബിംസ് മുഖേന 883 കർഷകർക്കായി വിതരണം നടത്തിയിട്ടുണ്ട്. 2016-17 , 2017-18 , 2018-19 കാലയളവിലേയ്ക്കുള്ള ഉല്പാദന ബോണസ് വിതരണം നടത്തിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്( നം.8/4.3.21) മറുപടി ലഭ്യമാക്കിയില്ല.ഉല്പാദന ബോണസ് ലഭിയ്ക്കുവാനുള്ള കാലതാമസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.ഉല്പാദന ബോണസ് യഥാസമയം കർഷകർക്ക് ലഭിയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി പ്രവൃത്തി പൂർത്തീകരിച്ചില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം അസി.സെക്രട്ടറി നടപ്പാക്കിയ എസ് . സി . വിദ്യാർത്ഥികൾക്ക് പഠനമുറി

പദ്ധതികൾക്കായി 100000 രൂ. ആദ്യ ഗഡുവായി ചെലവഴിച്ചിട്ടുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു

| നം. | ഗുണഭോക്താവിന്റെ പേര് | തുക | ബിൽ നം.,തിയതി |
|---|---|---|---|
| 1 | സുജ സുരേഷ് | 50,000 | 3/19-20<br>100000<br>തിയതി-21/01/2020 |
| 2 | അനിൽകുമാർ | 50,000 | |

പ്രവൃത്തിയുടെ നിലവിലെ സ്ഥിതിവിവരം, പൂർത്തീകരണ വിവരം,ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണനാക്രമം പാലിയ്ക്കാതെയിരുന്നതിന് വിശദീകരണം എന്നിവ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി 20-21 സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും, ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണന പ്രകാരം അർഹതയുള്ളവർ ആനുകൂല്യം ആവശ്യമില്ലെന്ന് ബോധിപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.മറുപടിയുടെ ആധികാരികത തെളിയിക്കുന്ന രേഖകളും, എൽ.എസ്.ജി.ഡി.എഞ്ചിനിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.പൂർത്തീകരണ രേഖകളുടെ അഭാവത്തിൽ ചെലവു തുക 100000 രൂ. ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 ലൈഫ് ഭവന പദ്ധതി അവലോകനം

ലൈഫ് ഭവന പദ്ധതി പ്രകാരം 2018-19,2019-20 സാമ്പത്തിക വർഷങ്ങളിലായി ആകെ 108 പേർക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നല്കി. ഈ 104 പേർ 2019-20 സാമ്പത്തിക വർഷം കൊണ്ട് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 5പേരും 2020-21 സാമ്പത്തിക വർഷം ഭവനം നിർമാണം പൂർത്തയാക്കിയിട്ടുണ്ട്. ഇതിൽ ഒരു ഗുണഭോക്താവിന് മാത്രം അവസാന ഗഡു ഒരു ലക്ഷം രൂപ നല്കാൻ അവശേഷിക്കുന്നു. താഴെ പറയുന്ന 3 പദ്ധതികളിലായാണ് 108 പേർക്ക് ഭവന നിർമാണത്തിന് ആനുകൂല്യം നല്കിയിട്ടുള്ളത്.

| ക്രമ നം. | പ്രോജക്റ്റ് നം | പ്രോജക്ടിന്റെ പേര് |
|---|---|---|
| 1 | 101 | ലൈഫ് ഭവന പദ്ധതി (സ്പിൽ ഓവർ) |
| 2 | 102 | ലൈഫ് ഭവന പദ്ധതി (എസ്.സി) |
| 3 | 116 | ലൈഫ് ഭവന പദ്ധതി (ഭവന രഹിതർ) |

മേൽ പദ്ധതികളിലായി 2018-19,2019-20 സാമ്പത്തിക വർഷങ്ങളിലായി ചെലവഴിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

1.ലൈഫ് ഭവന പദ്ധതി (സ്പിൽ ഓവർ)-

(ഗുണഭോക്താക്കളുടെ എണ്ണം-96)

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | കുറിപ്പ് |
|---|---|---|---|
| 2018-19 | | | |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 6810841 | 6810841 | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1596143 | 1596143 | |
| ജില്ലാ പഞ്ചായത്ത് വിഹിതം | 838432 | 838432 | |
| ഹഡ്കോ വായ്പ | 29154584 | 19762150 | |
| ആകെ | 38400000 | 29007566 | |
| 2019-20 | | | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2802150 | 2302150 | |
| ഹഡ്കോ വായ്പ | 1137850 | 1137850 | |
| സംസ്ഥാന സർക്കാർ വിഹിതം | 5952434 | 5952434 | |
| ആകെ | 9892434 | 9392434 | |
| ആകെ മൊത്തം | | 38400000 | |

2.ലൈഫ് ഭവന പദ്ധതി (എസ്.സി)

(ഗുണഭോക്താക്കളുടെ എണ്ണം-5)

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | കുറിപ്പ് |
|---|---|---|---|
| 2018-19 | | | |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 791400 | 680000 | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1071961 | 743361 | |
| ജില്ലാ പഞ്ചായത്ത് വിഹിതം | 136639 | 136639 | |
| ആകെ | 2000000 | 1560000 | |
| 2019-20 | | | |
| ഗ്രാമ പഞ്ചായത്ത് വിഹിതം | 111400 | 111400 | |

| | | | |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 328600 | 328600 | |
| ആകെ | 440000 | 440000 | |

3.ലൈഫ് ഭവന പദ്ധതി (ഭവന രഹിതർ)

(ഗുണഭോക്താക്കളുടെ എണ്ണം-7)

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | കുറിപ്പ് |
|---|---|---|---|
| ഗ്രാമ പഞ്ചായത്ത് വിഹിതം | 2200000 | 2200000 | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 600000 | 100000 | |
| ആകെ | 2800000 | 2300000 | |

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് തൻവർഷം ആവിഷ്കരിച്ച താഴെപ്പറയുന്ന 3പദ്ധതികളിൽ തൻ വർഷം ചെലവുകളൊന്നും തന്നെയില്ല.

| ക്രമ നം. | പ്രോജക്ട് നം. | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 16 | ലൈഫ് മിഷൻ | 27600000 |
| 2 | 27 | ലൈഫ് മിഷൻ (എസ്.സി) | 561400 |
| 3 | 29 | ലൈഫ് മിഷൻ (എസ്.ടി) | 31600 |

## 1-25 പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല.

ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി തൻവർഷം നടപ്പാക്കിയ എസ്.എസ്.എ.വിഹിതം(S0012/20) അടവാക്കൽ പദ്ധതിയ്ക്കായി താഴെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| നം. | പദ്ധതിയുടെ വിവരം | തുക | ബിൽ നം.,തിയതി |
|---|---|---|---|
| 1 | എസ്.എസ്.എ വിഹിതം നല്കൽ | 340931 | 12/30/7/19 |

തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക 340931/-രൂ. തടസ്സപ്പെടുത്തുന്നു.

## 1-25-1 ഐ.കെ.എം. വിഹിതം നല്കൽ

| നം. | പദ്ധതിയുടെ വിവരം | തുക | ബിൽ നം.,തിയതി |
|---|---|---|---|
| 1 | ഐ.കെ.എം. വിഹിതം നല്കൽ(So 19/20) | 37785 | 8/30/7/19 |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ചെലവു തുക 37785 രൂ. തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

## 1-26 ലൈഫ് മിഷൻ -ഹഡ്കോയിൽ നിന്നുള്ള വായ്പാ തിരിച്ചടവ്- വികസന ഫണ്ട് -എസ്.സി.പി-യിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്തു.

സമ്പൂർണ്ണ പാർപ്പിട പദ്ധതിക്കായി (ലൈഫ് മിഷൻ) ഹഡ്കോയിൽ നിന്നും കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ (KURDFC) മുഖേന എടുത്ത വായ്പ മുതൽ തുകയുടെ ആദ്യ ഗഡു തിരിച്ചടവ് 2020 ഫെബ്രുവരിയിലായതിനാൽ പ്രാദേശിക സർക്കാരുകൾക്ക് 2019-20-ൽ അനുവദിക്കുന്ന വികസന ഫണ്ടിന്റെ രണ്ടും മൂന്നും ഗഡുക്കളിൽ നിന്ന് മുതൽ തുക തിരിച്ച് പിടിച്ച് ഫെബ്രുവരിയിൽ കെ.യു.ആർ.ഡി.എഫ്.സി-യുടെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് തിരിച്ചടക്കാൻ സർക്കാർ തീരുമാനിച്ചിരുന്നു. ആയതനുസരിച്ച് സ.ഉ(സാധാ)നം.6105/2019/ധന തീ.01.08.2019, സ.ഉ(സാധാ)നം.10050/2019/ധന തീ.21.12.2019 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച വികസന ഫണ്ട് രണ്ടും മൂന്നും ഗഡുക്കളിൽ നിന്നും 73529/- രൂപ ഉറവിടത്തിൽ കുറവ് ചെയ്തിരുന്നു.

പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ട് ജനറൽ, വികസന ഫണ്ട് -എസ്.സി.പി എന്നിവയുടെ രണ്ടും മൂന്നും ഗഡുക്കളിൽ നിന്നും ലോൺ തുക കുറവ് ചെയ്തതിനു ശേഷമുള്ള തുകയാണ് അനുവദിച്ചു നല്കിയത്. പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയിൽ- എസ്.സി വിഭാഗത്തിനുള്ള ഭവന നിർമാണ സഹായത്തിന് കെ.യു.ആർ.ഡി.എഫ്.സി ലോൺ വിനിയോഗിച്ചിട്ടില്ല. ആയതിനാൽ ഈ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ഭാവിയില് എസ്.സി.പി ഫണ്ടില് നിന്നും ഇപ്രകാരമുള്ള തിരിച്ചു പിടിക്കല് ഒഴിവാക്കേണ്ടതാണ്.

## 1-27 പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ - സ്റ്റോക്ക്, വിതരണ രേഖകൾ ലഭ്യമല്ല

അലോപ്പതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും വിധം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്ന് ലഭിച്ചതായ വിവരം ലഭ്യമല്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | ചെലവ് തുക | ബിൽ നം./ തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ (108/20)<br>അടങ്കൽ:14 ലക്ഷം/-<br>റോഡിതരം | 161461 | (I)20/19-20/ 26.12.20 |
| | | 238539 | (Ii))27/19-20/ 27.03.20 |
| | | 1000000 | (Iii) 17/19-20/ 19.11.20 |
| | ആകെ | 14,00,000/- | |

കെ.എം.എസ്. സി.എൽ -ന്റെ പ്രഫോർമ ഇൻവോയ്സ് നം. PRF2876/30.11.2019 പ്രകാരം 7 ഇനം മരുന്നുകൾക്കായി 161461/-രൂപയും PRF5038/04.03.20 പ്രകാരം 25ഇനം മരുന്നുകൾക്കായി 238539/-രൂപയും സ്ഥാപനത്തിന് മുൻകൂറായി നൽകിയിട്ടുണ്ട്.

പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ58/15.10.2019 -ലെ പ്രഫോർമ ഇൻവോയ്സ് പ്രകാരം 2 ലക്ഷം രൂപയും 22.10.2019-ലെ 87920 നമ്പർ ഔഷധിയുടെ പ്രഫോർമ ഇൻവോയ്സ് പ്രകാരം 6 ലക്ഷം രൂപയും 715/28.09.2019 -ലെ ഹോംകോയുടെ ടാക്സ് ഇൻവോയ്സ് പ്രകാരം 2 ലക്ഷം രൂപയും പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് മരുന്ന് വാങ്ങുന്നതിനായി ഓൺലൈൻ ട്രാൻസ്ഫർ മുഖാന്തിരം നൽകിയിട്ടുണ്ട്.

എന്നാൽ മേൽ സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ ലഭിച്ചതായോ ആയവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായോ ഉള്ള രേഖ/ രജിസ്റ്ററുകൾ ലഭ്യമല്ല. മേൽ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റന്വേഷണത്തിന്മേൽ (നം. 13/05.03.2021) രേഖകളോ വിശദീകരണമോ ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 പാലിയേറ്റീവ് കെയർ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

2019-20 വർഷം മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോ നം. 28/20

അടങ്കൽ: 662560 ( 241696-വികസനഫണ്ട് സാധാ; 420864- ബ്ലോക്ക് വിഹിതം)

ചെലവ്: 610534 ( 241696-വികസനഫണ്ട് സാധാ; 368838- ബ്ലോക്ക് വിഹിതം)

പാലിയേറ്റീവ് കെയർ പദ്ധതി നടത്തിപ്പിനായി ഗ്രാമ പഞ്ചായത്ത് 2019-20 വർഷം കമ്മ്യൂണിറ്റി നഴ്സിനെ നിയമിച്ച് ടിയാളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. പ്രസ്തുത കരാറിലെ ക്ലോസ് 10 പ്രകാരം മെഡിക്കൽ ഓഫീസർ നേഴ്സിന്റെ പ്രവർത്തനം നിരന്തരം വിലയിരുത്തുകയും പ്രതിമാസ അവലോകന റിപ്പോർട്ട് തയാറാക്കുകയും അപ്രകാരമുള്ള റിപ്പോർട്ട് എല്ലാ മാസവും 10-ാം തീയതിയ്ക്ക് മുൻപായി തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് കൈമാറുകയും ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്കായി ആഴ്ച തോറും 4 ദിവസത്തെ സന്ദർശനമെങ്കിലും നടത്തുന്നതിനായി വാഹന ഉടമയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.പാലിയേറ്റീവ് പരിചരണം സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം ഗ്രാമ പഞ്ചായത്തിലെ പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ അസൂത്രണം, ഏകോപനം ,മോണിറ്ററിംഗ് എന്നിവ നടത്തുന്നതിന് ചുമതലപ്പെട്ട പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്നതിന്റെ വിവരങ്ങൾ, ഉപകരണങ്ങൾ, മരുന്നുകൾ എന്നിവയുടെ സമയബന്ധിതമായ ലഭ്യത പോലുള്ള പ്രധാന വിഷയങ്ങളിലുള്ള കൃത്യമായ ഇടപടൽ, പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ വരവ് ചെലവുകൾ അംഗീകരിക്കൽ, പുതിയ പദ്ധതി പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ തുടങ്ങിയുള്ള പദ്ധതി നടത്തിപ്പിലെ പ്രധാന വിവരങ്ങൾ മിനിട്സ് പ്രകാരം ലഭ്യമാകുന്നില്ല.
ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി വർഷത്തിലൊരിക്കലെങ്കിലും പ്രത്യേക അജണ്ടയായി പാലിയേറ്റീവ് കെയർ പ്രവർത്തനം വിലയിരുത്തുകയും അതനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 1-28-1 പാലയേറ്റീവ് പരിചരണ പദ്ധതിയ്ക്കായി കെ.എം.എസ്.സി.എൽ- ന് തുക നൽകിയെങ്കിലും സാമഗ്രികളുടെ സ്റ്റോക്ക് വിവരം ഹാജരാക്കിയില്ല.

പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്കായി ബ്ലോക്ക് വിഹിതത്തിൽ നിന്നും തുക ചെലവഴിച്ചതിൽ മരുന്നുകൾ ,ഉപകരണങ്ങൾ എന്നിവയ്ക്കായി യഥാക്രമം 47984/-രൂപ( TSB ചെക്ക് നം. JF-1552877/20.03.20), 37370/- രൂപ( TSB ചെക്ക് നം. JF-1552879/20.03.20) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് പ്രൊഫോർമ നം PRF 4829 Dtd 24.02.2020, PRF 5037/04.03.20 പ്രകാരം അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ ഇതുപ്രകാരം നാളിതുവരെ ആശുപത്രിക്ക് മരുന്ന് ലഭിച്ചതായ വിവരങ്ങളില്ല. (സ്റ്റോക്ക്, വിതരണ രേഖകൾ ലഭ്യമല്ല). ആയതിനാൽ രേഖകളുടെ അഭാവത്തിൽ 85354/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-28-2 വിനിയോഗ രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

പാലിയേറ്റീവ് പരിചരണ പദ്ധതിയ്ക്കായി ബ്ലോക്ക് വിഹിതത്തിൽ നിന്നും താഴെ കൊടുത്തിട്ടുള്ള ചെക്കുകൾ പ്രകാരം പിൻവലിച്ച തുകകളിൽ ചെലവിനാധാരമായ വൌച്ചറുകൾ / ബില്ലുകൾ ലഭ്യമല്ല,

(I)ചെക്ക് നം. JF NO: 1552874/11.02.20 – 40200/-

3000/- രൂപ സ്റ്റേഷണറിയ്ക്കായി സ്വകാര്യ വ്യക്തിയ്ക്ക് നൽകിയതിൽ ആയതിന്റെ വൌച്ചറുകൾ/ബില്ലുകൾ ലഭ്യമല്ല.

(Ii) ചെക്ക് നം. JF NO: 1721001/26.03.20 – 39200/-

A)2000/- രൂപ സ്റ്റേഷണറിയ്ക്കായി സ്വകാര്യ വ്യക്തിയ്ക്ക് നൽകിയതിൽ ആയതിന്റെ വൌച്ചറുകൾ/ബില്ലുകൾ ലഭ്യമല്ല.

B)ഭക്ഷണ ചെലവുകൾക്കായി 5800/- രൂപ ഹോട്ടലിന് നൽകിയതിൽ 5120/- രൂപയുടെ(16x 320) ബില്ലുകൾ മാത്രമാണുള്ളത്. ആയതിനാൽ വിനിയോഗ രേഖകളുടെ അഭാവത്തിൽ മേൽപ്രസ്താവിച്ചിട്ടുള്ള ചെലവ് തുക 5680/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28-3 ആവശ്യകത നിർണ്ണയിക്കാതെ ഇലക്ട്രിക് വീൽചെയറിന്റെ വാങ്ങൽ

പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ നടത്തിപ്പിനായി ആശുപത്രിയിലേയ്ക്ക് ഇലക്ട്രിക് വീൽ ചെയർ 73500/- രൂപ മുടക്കി വാങ്ങിയതായി കാണുന്നു.( ചെക്ക് നം. JF No. 1721002/26.03.20,17210003/26.03.20 – 25500,48000) ഇത്തരത്തിൽ വില കൂടിയ വീൽചെയർ വാങ്ങുന്നതിന് ആവശ്യകത നിർണ്ണയിച്ച് കൊണ്ടുള്ള് പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി തീരുമാനം, പർച്ചേസ് കമ്മിറ്റിയുടെ ശുപാർശ എന്നിവ ലഭ്യമല്ല. പാലിയേറ്റീവ് പരിചരണ പദ്ധതി പ്രകാരം സാധാരണ വീൽചെയർ വാങ്ങാമെങ്കിലും ഇത്തരത്തിൽ വില കൂടിയ ഇലക്ട്രിക് വീൽചെയർ വാങ്ങിയതിന്റെ ആവശ്യകത നിർണ്ണയിക്കാതെ വാങ്ങൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-29 പഞ്ചായത്ത് ആസ്തികളുടെ പരിപാലനം- റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കാതെയുള്ള റോഡ് വികസന പ്രവർത്തനങ്ങൾ-ആസ്തി രജിസ്റ്റർ പരിപാലിക്കുന്നതിലെ വീഴ്ചകൾ

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011ലെ സ.ഉ(എം.എസ്) 31/2011/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(കൈ.)നം11/2018/ത.സ്വ.ഭ.വ, 29.01.18 -ലെ ഖണ്ഡിക 7.13(1) പ്രകാരം, ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതുണ്ട് എന്ന നിർദ്ദേശം ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. ആയതിനാൽ പശ്ചാത്തലമേഖലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾമൂലം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.നടപ്പാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്ററും, റോഡ് രജിസ്റ്ററും കാലികമാക്കി ആസ്തി വിവരങ്ങൾ കൃത്യമാണോ എന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തലോടെ പരിപാലിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുള്ളതായി കാണുന്നു. പഞ്ചായത്ത് പ്രദേശത്ത് ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെയും എം.പി./എം.എൽ.എ ഫണ്ടുപയോഗിച്ച് നിർവ്വഹണം നടത്തുന്ന പ്രവൃത്തികളുടേയും വിശദാംശങ്ങൾ യഥാസമയം പഞ്ചായത്തിൽ ലഭ്യമല്ലാത്ത അവസ്ഥ നിലനിൽക്കുന്നു. ഇത് ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നു. ഹാജരാക്കിയ ആസ്തി രജിസ്റ്ററിൽ ക്ഷമതയുള്ള അധികാരിയുടെ സാക്ഷ്യപ്പെടുത്തൽ ഇല്ല. തൻവർഷം ആർജ്ജിച്ച ആസ്തി വിവരങ്ങൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാക്ഷ്യപ്പെടുത്തലോടെ സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.
2. കരാറുകാരനുമായി ഏർപ്പെട്ടിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.
3. കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed Date Of Completion)രേഖപ്പെടുത്തുന്നില്ല.
4. പി.ഡബ്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.
7. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം ഉറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ

അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-31 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ പ്രവൃത്തികളിൽ കരാറുകാർക്ക് നിയമാനുസൃത കുറവ് വരുത്താതെ തുക അനുവദിച്ചു

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20-ലെ ആക്ഷൻപ്ലാനിൽ ഉൾപ്പെടുത്തി 53മെറ്റീരിയൽ പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. അവയിൽ ഒരു പ്രവൃത്തി മാത്രമാണ് 2019-20 വർഷം ടെണ്ടർ ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷം നടപ്പിലാക്കിയത് ആകെ 18 മെറ്റീരിയൽ പ്രവൃത്തികളാണ്. 07.01.2019- ലെ V(I)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനവും 31.01.2019- ലെ IV(I)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനവും പ്രകാരം മെറ്റീരിയൽ പ്രവൃത്തികളുടെ ടെണ്ടറുകൾ അംഗീകരിച്ചിട്ടുണ്ട്.

1) CPWD സ്പെസിഫിക്കേഷന് പ്രകാരമുള്ള കുറവ് അളവിൽ രേഖപ്പെടുത്താതെ തുക അനുവദിച്ചു

CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളിൽ 40mm മെറ്റലിന്റെ സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും 7.5% വോയ്ഡസ് കുറവു ചെയ്ത് മാത്രമേ കരാറുകാരന് തുക നൽകേണ്ടതുള്ളൂ. സ്റ്റാക്ക് ചെയ്ത അളവിൽ നിന്നും ക്വാറിമക്കിന് മിനിമം 7.5% ഉം ( കുറവു ചെയ്തതിനുശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. ( CPWDSpecification : 1- 27-2-3)എന്നാൽ 2019-20-ൽ നടപ്പാക്കിയ മെറ്റീരിയൽ പ്രവൃത്തികളിൽ ടി വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല. മേൽ പ്രവൃത്തികൾ നടപ്പാക്കിയതിൽ കരാറുകാർക്ക് നിയമാനുസൃത കുറവുകൾ വരുത്താതെ തുക അനുവദിച്ചത് മൂലം അധിക ചെലവ് സംഭവിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | കരാറുകാരൻ ലഭ്യമാക്കിയ മെറ്റീരിയലിന്റെ അളവ് (മേറ്റിന്റെ കൈപ്പറ്റ്/സ്റ്റാക്ക് ചെയ്ത അളവ് പ്രകാരം) $M^3$ | | അനുവദിച്ച അളവും തുകയും (മെറ്റീരിയൽ ലിസ്റ്റ്,എം. ബുക്ക് എന്നിവ പ്രകാരം) | | അനുവദനീയമായ അളവ് ,തുക | | അധികം നൽകിയ തുക | |
|---|---|---|---|---|---|---|---|---|---|
| | | ക്വാറിമക്ക് ($M^3$) | 40 Mm മെറ്റൽ ($M^3$) | ക്വാറിമക്ക് ($M^3$) | 40 Mm മെറ്റൽ ($M^3$) | ക്വാറിമക്ക് ($M^3$) | 40 Mm മെറ്റൽ ($M^3$) | ക്വാറിമക്ക് | 40 Mm മെറ്റൽ |
| 1 | 5-ാം വാർഡിലെ കോൺക്രീറ്റ് റോഡ് നിർമ്മാണം<br>കരാറുകാരൻ-മനേഷ് കുരുവിള<br>പ്രവൃത്തി മൂല്യം-491851/- എ.ബുക്ക് നം.- 17/18-19<br>KL1611001003_140319 FTO 591024 Dt: 03.07.19- 402386/-രൂപ | 45.9 | 29.835 | 45.9@ 1454.75/M3= 66773 | 29.835@ 2250/M3= 67129 | 42.5@ 1454.75/M3 =61827 | 27.60@ 2250/M3= 62100 | 4946 | 5029 |
| 2 | 4-ാം വാർഡിലെ കോൺക്രീറ്റ് റോഡ് നിർമ്മാണം ഘട്ടം 3<br>കരാറുകാരൻ-മനേഷ് കുരുവിള<br>പ്രവൃത്തി മൂല്യം-489111/- എ.ബുക്ക് നം.- 59/18-19<br>KL1611001003_140319 FTO 591024 Dt: 03.07.19- 402386/-രൂപ | 45.9 | 29.835 | 45.9@ 1454.75/M3= 66773 | 29.835@ 2250/M3= 67129 | 42.5@ 1454.75/M3= 61827 | 27.60@ 2250/M3= 62100 | 4946 | 5029 |
| 3 | 5-ാം വാർഡിലെ കോൺക്രീറ്റ് റോഡ് നിർമ്മാണം ഘട്ടം 1<br>കരാറുകാരൻ-മനേഷ് കുരുവിള<br>പ്രവൃത്തി മൂല്യം-496354/- എ.ബുക്ക് നം.- 61/18-19<br>KL1611001003_140319 FTO 591024 Dt: 03.07.19- 414120/-രൂപ | 47.6 | 29.83 | 47.6@ 1454.75/M3= 69246 | 29.83@ 2250/M3= 67117.5 | 44.03@ 1454.75/M3= 64053 | 27.60@ 2250/M3= 62100 | 5193 | 5017 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 4 | 5-ാം വാർഡിലെ കോൺക്രീറ്റ് റോഡ് നിർമ്മാണം ഘട്ടം 2 (New)<br>കരാറുകാരൻ-മനേഷ് കുരുവിള<br>പ്രവൃത്തി മൂല്യം- 494214/- എ.ബുക്ക് നം.- 23/19-20<br>KL1611001003_211019 FTO 292745 Dt: 21.10.19- 402386/- രൂപ | 45.9 | 29.835 | 45.9@ 1300/M3= 59670 | 29.835@ 2300/M3= 68620 | 42.5@ 1300/M3= 55250 | 27.60@ 2300/M3= 63480 | 4420 | 5140 |
| | | | | | | | ആകെ | 19505 | 20215 |
| | ആകെ മൊത്തം | 39720/- | | | | | | | |

നിയമാനുസൃത കുറവ് വരുത്താതിരുന്നത് മൂലം മെറ്റീരിയൽ ഇനത്തിൽ മേൽപ്പട്ടിക പ്രകാരം 39720/- രൂപ കരാറുകാരന് അധികം തുക നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 വയോജനങ്ങൾക്ക് കട്ടിൽ-60 വയസ് തികയാത്തവർക്കും ആനുകൂല്യം നല്കി.

നിർവ്വഹണം:ഐ.സി.ഡി.എസ് സൂപ്പർവൈസർ

തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പിന്റെ 14.02.2018-ലെ സ.ഉ(കൈ)നം. 22/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് ഖണ്ഡിക 7.1.13.(2) പ്രകാരം 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്ക് ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള വലിപ്പത്തിലുള്ള കട്ടിൽ വാങ്ങി നല്കാം എന്നു പറഞ്ഞിരിക്കുന്നു. പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം വയോജനങ്ങൾക്ക് കട്ടിൽ നല്കുന്നതിനായി ഏറ്റെടുത്ത പ്രോജക്ടിൽ 60 വയസ് തികയാത്തവർക്കും ആനുകൂല്യം നല്കിയതായി കാണുന്നു.

1. പ്രോജക്ട് നം.3
പ്രോജക്ടിന്റെ പേര്: വയോജനങ്ങൾക്ക് കട്ടിൽ
അടങ്കൽ:വികസന ഫണ്ട്- 513214
ചെലവ്:513182/-
(1.ട്രഷറി ബിൽ നം.34 കാഷ് ചെയ്ത തീയതി.28.12.2019-513182/- രൂപ)

ഈ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താവിന് അപേക്ഷ സ്വീകരിക്കുന്ന സമയത്തും ആനുകൂല്യം കൈപ്പറ്റുന്ന സമയത്തും 60 വയസ് കഴിഞ്ഞിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | 2017-ലെ റേഷൻ കാർഡ് പ്രകാരം പ്രായം | റിമാർക്സ് |
|---|---|---|---|
| 1. | വിജി,പതിനെട്ടിൽചിറ | 48 | (ഈ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള മുതിർന്ന അംഗമായ വിജിയുടെ ഭർത്താവിന്റെ പ്രായം-53 വയസ്സ്) |

സർക്കാർ നിർദേശത്തിന് വിരുദ്ധമായി അർഹതയില്ലാത്തവർക്ക് ആനുകൂല്യം നല്കാനിടയായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റന്വേഷണത്തിന് (നം.1 തീ.03.03.2021)മറുപടി ലഭ്യമാക്കിയില്ല. ഈ പദ്ധതി പ്രകാരം 2019-20 വർഷം 4349/- രൂപ നിരക്കിൽ 118 കട്ടിലുകളാണ് വാങ്ങിയിരിക്കുന്നത്. അർഹതയില്ലാത്ത ഗുണഭോക്താവിന് വിതരണം ചെയ്ത ഒരു കട്ടിലിന്റെ വില(4349/-രൂപ) നിർവഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | അനുപൂരക പോഷകാഹാര പരിപാടി | 200000 | 0 |
| | 2018-19 | 68838 | പാലിയേറ്റീവ് കെയർ | 68838 | |
| | 2019-20 | 300000 | പാലിയേറ്റീവ് കെയർ | 300000 | |
| | 2019-20 | നേരിട്ട് കൈമാറുന്നത് | ലൈഫ് ഭവന പദ്ധതി | 2302150 | 0 |
| | 2019-20 | നേരിട്ട് ചെലവഴിക്കുന്നത് | ലൈഫ് ഭവന പദ്ധതി-എസ്.സി | 328600 | |
| | 2019-20 | നേരിട്ട് ചെലവഴിക്കുന്നത് | ലൈഫ് ഭവന പദ്ധതി-(ഭവന രഹിതർ) | 100000 | |
| | 2019-20 | നേരിട്ട് ചെലവഴിക്കുന്നത് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 450000 | |
| | 2019-20 | നേരിട്ട് ചെലവഴിക്കുന്നത് | പാലിന് സബ്സിഡി | 197860 | |
| ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | അനുപൂരക പോഷകാഹാര പരിപാടി | 100000 | |
| | 2019-20 | നേരിട്ട് ചെലവഴിക്കുന്നത് | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 500000 | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൊതു ടാപ്പുകൾ ക്രമീകരിക്കൽ | 21901230 | 124755 | 0 | 155000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 21900986 | 499898 | 0 | 499898 |
| പി.ഡബ്ല്യു.ഡി | ബഡ്സ് സ്കൂൾ വയറിംഗ് | 21900916 | 93000 | 0 | 93000 |
| | പഞ്ചായത്ത് ഓഫീസ് അനുബന്ധ | 21900917 | 174000 | | 174000 |

| | | | | | |
|---|---|---|---|---|---|
| | കെട്ടിടം വയറിംഗ് | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1295700/- രൂപ വരവുണ്ട്. തൻവർഷം 1137850/- .രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ -കെ.യു.ആർ.ഡി.എഫ്.സി ലോൺ | ജി.ഒ(എം.എസ്) 68/18/ എൽ.എസ്.ജി.ഡി/ തീ.18.05.2018 | 1295700 | 19762150 | 1628438 | | |

.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 1085000 |
| ആകെ | 1085000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1085000 |
| | |
| തൻവർഷം ആർജിച്ച പലിശ | 627798 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | എസ്.ബി.ഐ പുന്നപ്ര ബ്രാഞ്ച് | 30.05.2019 | 1 വർഷം | 10000000 | |
| 2 | കാനറാ ബാങ്ക് പുന്നപ്ര ബ്രാഞ്ച് | 29.05.2019 | 1 വർഷം | 850000 | |
| | | | | | |
| | | | | | |
| ആകെ | | | | 10850000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1500/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | വൗച്ചർ നമ്പർ തിയ്യതി |
|---|---|---|---|---|
| 2010-11 | 3(1)-2 | 1500 | റാണി.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ, എൻ.ആർ.ജി.എ | 119010101174/ തീ.10.07.2019 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | | | | |
| | | ഇല്ല | | | |

## 4-8 ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63571522 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73169900 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 44069 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4673877 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4349 | ശ്രീമതി.അഞ്ജു അരുമനായകം ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | | 4349 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 267000/- | ശ്രീ.റോഹിൻ മോസസ്, അസി.എഞ്ചിനീയർ |
| 1-18 | 999898/- | ശ്രീ. വി.ജെ. പോൾ, സെക്രട്ടറി |
| 1-19 | 1282229/- | ശ്രീ.ശ്രീ. വി.ജെ. പോൾ, സെക്രട്ടറി |
| 1-20 | 155000/- | ശ്രീ. വി.ജെ. പോൾ, സെക്രട്ടറി |
| 1-23 | 100000/- | ശ്രീമതി.ജയന്തി.കെ,അസി.സെക്രട്ടറി |

| | | |
|---|---|---|
| 1-25 | 340931/- | ശ്രീ. വി.ജെ. പോൾ, സെക്രട്ടറി |
| 1-25(1) | 37785/- | ശ്രീ. വി.ജെ. പോൾ, സെക്രട്ടറി |
| 1-27 | 1400000/- | ഡോ. രതീഷ്.ആർ , മെഡിക്കൽ ഓഫീസർ, പി.എച്ച്. സി |
| 1-28(1) | 85354/- | ഡോ. രതീഷ്.ആർ , മെഡിക്കൽ ഓഫീസർ, പി.എച്ച്. സി |
| 1-28(2) | 5680/- | ഡോ. രതീഷ്.ആർ , മെഡിക്കൽ ഓഫീസർ, പി.എച്ച്. സി |
| | 4673877 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | സർക്കാർ/മറ്റ് സ്ഥാപനങ്ങൾ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-31 | 39720/- | (കേന്ദ്ര സർക്കാറിനുണ്ടായ നഷ്ടം) | ശബരി കൃഷ്ണൻ, അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് |
| | | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.അഞ്ജു അരുമനായകം, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ,പുന്നപ്ര നോർത്ത് ഗ്രാമപഞ്ചായത്ത് | കൊച്ചുപറമ്പ്,പുന്നപ്ര.പി.ഒ.ആലപ്പുഴ |
| ശ്രീ. വി.ജെ. പോൾ, സെക്രട്ടറി | പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ,പി.എ.യു-2 | വട്ടത്തിൽ,വട്ടയാൽ,തിരുവമ്പാടി പി.ഒ,ആലപ്പുഴ |
| ശ്രീമതി.ജയന്തി.കെ,അസി.സെക്രട്ടറി | അസി.സെക്രട്ടറി,പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്ത് | ജയ നിവാസ്,തകഴി.പി.ഒ,ആലപ്പുഴ |
| ഡോ. രതീഷ്.ആർ , മെഡിക്കൽ ഓഫീസർ, | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി, പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് | ഇല്ലത്ത് ഹൌസ്, പല്ലന പി.ഒ., തൃക്കുന്നപ്പുഴ |
| ശ്രീ.റോഹിൻ മോസസ്, അസി.എഞ്ചിനീയർ | | ജെ. ആർ ഭവൻ, ടി.എൽ 51/2695, നന്തൻകോട് ലെയ്ൻ, പാപ്പനംകോട് , തിരുവനന്തപുരം-695018 |
| ശ്രീ. ശബരി കൃഷ്ണൻ, അക്രഡിറ്റഡ് എഞ്ചിനീയർ | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് | കിളിയാട്ട് ഹൌസ് , പുന്നപ്ര. വടക്ക് പി.ഒ.ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 2002-2003 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2003-04 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2004-05 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2005-06 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2006-07 | എൽ.എഫ്.എ9/1287/2008, 17.07.2009/11.09.2009 |
| 2007-08 | എൽ.എഫ്.എ9/1288/2009, 17.04.2010/17.06.2011 |
| 2008-09 | എൽ.എഫ്.പി4/1307/2010, 27.04.2011/30.04.2011 |
| | |

| | |
|---|---|
| 2009-10 | എൽ.എഫ്.പി4/ 1308/2010, 27.04.2011/30.04.2011 |
| 2010-11 | എൽ.എഫ്.പി 8 /231/2012, 09.08.2012/ 22.09.2012 |
| 2011-12,2012-13 | എൽ.എഫ്.പി 8/995/2013, 17.02.14/09.04.14 |
| 2013-14 | എൽ.എഫ്.പി8/1509/2014, 21.10.14/06.01.15 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി8-850/16, 1/8/2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി8 40/17, 19/1/17 – 2/2/17 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി8-1174/17, തീയതി – 19.09.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി8-311/19, തീയതി – 16.05.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി8-237/2020 തീയതി : 09.06.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

## <u>അനുബന്ധം-1</u>
## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്